(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇവിടെ രോഗികളെ കിടത്തി ചികിത്സിച്ചിട്ടില്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമുള്ളത്ര തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം സ്റ്റാഫുകളുടെ കുറവുണ്ട്. ഒരു മെഡിക്കൽ ഓഫീസർ അവധിയിലാണ്. ശുദ്ധജലത്തിന്റെ അഭാവം പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) അധിക തസ്തിക സൃഷ്ടിക്കുന്ന മുറയക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയൂ.

കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സാസൗകര്യം മെച്ചപ്പെടുത്താൻ നടപടി

148 (1617) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ആകെ എത്ര ഗവൺമെന്റ് ആശുപത്രികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നിലവിലുണ്ട് ;

(ബി) ഓരോ ആശുപത്രിയിലെയും തസ്തികകളും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും എത്രയെന്നുള്ള കണക്കുകൾ സഹിതം ലഭ്യമാക്കുമോ ;

(സി) രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള എത്ര ആശുപത്രികളാണ് ജില്ലയിൽ ഇപ്പോഴുള്ളത്, ഇവ ഏതെല്ലാം ;

(ഡി) ഈ ആശുപത്രികളിൽ പ്രസവമുറികളുള്ള എത്ര ആശുപത്രികൾ ആണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പറയാമോ ;

(ഇ) പ്രസവ മുറികളുള്ള ആശുപത്രികളിലെല്ലാം ഗൈനക്കോളജിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആകെ 17 ഗവൺമെന്റ് ആശുപത്രികളും 80 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 408 ഉപകേന്ദ്രങ്ങളും നിലവിലുണ്ട്.

(ബി) വിശദവിവരം *അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിന് കീഴിലുള്ള താഴെപ്പറയുന്ന 9 ആശുപത്രികളിൽ കിടത്തി ചികിത്സ ലഭ്യമാണ്.

1. ജില്ലാ ആശുപത്രി, കണ്ണൂർ
2. ജനറൽ ആശുപത്രി, തലശ്ശേരി
3. താലൂക്ക് ആശുപത്രി, തളിപ്പറമ്പ്
4. ഗവൺമെന്റ് ആശുപത്രി, കൂത്തുപറമ്പ്
5. ഗവൺമെന്റ് ആശുപത്രി, വളപട്ടണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

6. ഗവൺമെന്റ് ആശുപത്രി, മാട്ടൂർ
7. ഗവൺമെന്റ് ആശുപത്രി, മട്ടന്നൂർ
8. ഗവൺമെന്റ് ആശുപത്രി, കരിവെള്ളൂർ
9. ഗവൺമെന്റ് ആശുപത്രി, പയ്യന്നൂർ

ആയുർവേദ വിഭാഗം

1. കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രി
2. താലൂക്ക് ആയുർവേദ ആശുപത്രി, തളിപ്പറമ്പ്
3. ഗവൺമെന്റ് ആയുർവേദ ആശുപത്രി, പയ്യന്നൂർ
4. ഗവൺമെന്റ് ആയുർവേദ ആശുപത്രി, തലശ്ശേരി
5. ഗവൺമെന്റ് ആയുർവേദ ആശുപത്രി, ചെറുകുന്ന്
6. ഗവൺമെന്റ് ആയുർവേദ ആശുപത്രി, മാട്ടൂർ

കൂടാതെ പരിയാരത്തെ ആയുർവേദകോളേജ് ആശുപത്രിലും ഹോമിയോ വകുപ്പിലെ ഒരു ആശുപത്രിയിലും ഈ സൗകര്യം ലഭ്യമാണ്.

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള മേല്പറഞ്ഞ 9 ആശുപത്രികളിലും പ്രസവമുറികളുണ്ട്.

(ഇ) പ്രസവ മുറികളുള്ള 9 ആശുപത്രികളിൽ ഗവൺമെന്റ് ആശുപത്രി കരിവെള്ളൂർ, വളപട്ടണം, മാട്ടൂർ എന്നീ 3 ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റ് നിലവിലില്ല. ഉടൻ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കരുനാഗപ്പള്ളിയിലെ സർക്കാർ ടി.ബി. ആശുപത്രിയുടെ പ്രവർത്തനം

149 (1618) ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 55 കിടക്കകളുള്ള കരുനാഗപ്പള്ളി സർക്കാർ ടി.ബി. ആശുപത്രി പി. ഡബ്ല്യു. ഡി. അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സുരക്ഷിതമായ കെട്ടിടത്തിൽ പ്രസ്തുത ആശുപത്രി പ്രവർത്തിപ്പിക്കാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെട്ടിടം പൂർണ്ണമായും അൺഫിറ്റ് ആണ് എന്നുള്ള സർട്ടിഫിക്കറ്റ് പൊതുമരാമത്ത് വകുപ്പ് തന്നിട്ടില്ല. എന്നാൽ പ്രസ്തുത ആശുപത്രിയിലെ നഴ്സുമാരെ ഡ്യൂട്ടി മുറി ഉപയോഗ യോഗ്യമല്ലായെന്ന് പൊതുമരാമത്ത് സാക്ഷ്യപ്പെടുത്തിയതനുസരിച്ച് മറ്റൊരു മുറിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത ആശുപത്രി കെട്ടിടം മരാമത്ത് പണിയിലൂടെ നന്നാക്കുന്നത് ലാഭകരമല്ലായെന്നും പൊതുമരാമത്ത് അറിയിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly